# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4183 — 24.06.2019-ൽ മറുപടിയ്ക്ക്.

## കാസർഗോഡ് നഗരസഭയിലെ ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ .എ.നെല്ലിക്കുന്ന് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് നഗരസഭയുടെ പരിധിയിൽ എത്ര ക്ഷീരകർഷകരുണ്ടെന്ന് അറിയിക്കുമോ; | (എ) 2012 ലെ കാനേഷുമാരി (19-ാം കന്നുകാലി സെൻസസ്) പ്രകാരം 559 എരുമ കർഷകരടക്കം ആകെ 40555 ക്ഷീരകർഷകരാണുള്ളത്.<br>കാസർഗോഡ് നഗരസഭയിലെ ക്ഷീരകർഷകരെ മാത്രമായി തരംതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.<br>കാസർഗോഡ് നഗരസഭയിലെ ആകെ 261 കർഷകരെ മൃഗസംരക്ഷണ വകുപ്പിന്റെ രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) നഗരത്തിലെ ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഉയർന്ന ജനസാന്ദ്രതയും, കൃഷി ഭൂമിയുടെ ലഭ്യതക്കുറവും, ജലക്ഷാമവും ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. കൂടാതെ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഇല്ലാത്തതും ക്ഷീരകർഷകരെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്.<br>പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും, പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും ക്ഷീര വികസന വകുപ്പ് മുഖാന്തിരം മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം പദ്ധതി നടപ്പിലാക്കുന്നുണ്ട്. തീറ്റപ്പുൽകൃഷി, സ്ഥല പരിമിതി ഉള്ളവർക്ക് ഹൈഡ്രോപോണിക്സ് തീറ്റപ്പുൽകൃഷി, മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റിനുള്ള ധനസഹായം ഉടങ്ങിയവ വകുപ്പ് മുഖാന്തിരം നൽകി വരുന്നുണ്ട്. |
| (സി) പാൽ സംരക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നഗരത്തിൽ ക്ഷീരസഹകരണ സംഘം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) ഒരു പരമ്പരാഗത സംഘം കാസറഗോഡ് നഗര പരിധിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും വളരെക്കാലമായി സംഘം പ്രവർത്തനരഹിതമാണ്. സംഘം ഇപ്പോൾ ലിക്വിഡേഷൻ നടപടിയിലാണ്.<br>ഈ സംഘം പുനരുജ്ജീവിപ്പിക്കുവാൻ കർഷകർ സന്നദ്ധരായി വരുകയാണെങ്കിൽ സംഘം പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ചാണകവളം സംഭരിക്കാനുള്ള സംവിധാനം കാസർഗോഡ് നഗരത്തിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ? | (ഡി) | മൃഗസംരക്ഷണ വകുപ്പിന്റെ ശാസ്ത്രീയമായ മാലിന്യസംസ്കരണ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ ഒരു യൂണിറ്റിന് 12500/- രൂപ വീതം 70 ചാണകക്കുഴി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഒരു യൂണിറ്റിന് 12500/- രൂപ വീതം 90 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.<br>ക്ഷീരവികസന വകുപ്പിൽ കാസർഗോഡ് നഗരസഭയിൽ ചാണകവളം സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല. ക്ഷീരകർഷകർ അവരുടെ ഡയറി യൂണിറ്റിനോടനുബന്ധിച്ച് ചാണക സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ട്. ഇതിനായി വിവിധ വകുപ്പുകളുടെ ധനസഹായത്തോടെയുള്ള പദ്ധതികൾ നിലവിൽ ഉണ്ട്. |

**സെക്ഷൻ ഓഫീസർ**